(സി & ഡി) ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയത്തിന്റെ ഭാഗമായി 30 പുതിയ വില്ലേജുകൾ രൂപീകരിക്കുകയും ഇത് സംബന്ധിച്ചുള്ള വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നാട്ടിക നിയോജക മണ്ഡലത്തിലെ പാറളം പഞ്ചായത്തിലെ പള്ളിപ്പുറം പാറളം കോടന്നൂർ വില്ലേജുകൾ ഉൾക്കൊള്ളുന്ന പാറളം വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

റവന്യൂ വകുപ്പിലെ സേവനാവകാശ നിയമം

192 (7161) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഏതെല്ലാം ആഫീസുകളിൽ സേവനാവകാശ നിയമം നടപ്പിലാക്കി ;

(ബി) സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ എല്ലാ റവന്യൂ ആഫീസുകളിലും എത്തിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;

(സി) ഈ നിയമം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൻ കീഴിലുള്ള ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേ & ലാന്റ് റിക്കാർഡ്സ് ഡയറക്ടറേറ്റ് എന്നീ വകുപ്പുകൾ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫോറങ്ങൾ രജിസ്റ്ററുകൾ എന്നിവ എല്ലാ ആഫീസുകളിലും അടിയന്തരമായി എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുകയും സേവനങ്ങൾ സമയബന്ധിതമായി നൽകി വരികയും ചെയ്യുന്നു. അപ്പീലുകൾവരുന്ന സാഹചര്യത്തിൽ അവ ത്വരിതഗതിയിൽ തീർപ്പാക്കിവരുന്നു.

ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം

193 (7162) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1975 മുതൽ 2009 വരെയുള്ള കാലയളവിൽ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ്, ജി.ഒ. (എംഎസ്.) 77/63/പി.ഡി. തീയതി 21-8-1963, ജി.ഒ. (പി) 540/80/ആർ.ഡി./തീയതി 6-5-1980

LIBRARY ARCHIVES Kerala Legislative Assembly

(അമെന്റ് മെന്റ്),ജി.ഒ.(പി) 84/94/ആർ.ഡി./തീയതി 17-3-1994 (അമെന്റ് മെന്റ്) അനുശാസിച്ചിട്ടുള്ള പ്രകാരം ഡെപ്യൂട്ടി കളക്ടർമാരുടെ ഡയറക്ട് റിക്രൂട്ട്മെന്റ് നിയമനം നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത് ;

(ബി) 1975 മുതൽ 2009 വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി കളക്ടർമാരുടെ വർഷം തിരിച്ചുള്ള പെർമനന്റ് പോസ്റ്റിന്റെ എണ്ണം എത്ര ;

(സി) കേരളത്തിൽ മൊത്തം എത്ര ഡെപ്യൂട്ടി കളക്ടർമാർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ഡെപ്യൂട്ടി കളക്ടർമാർ ജോലി ചെയ്യുന്നുണ്ട് ; ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് അവർ സേവനമനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 67 പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ സ്ഥിരം തസ്തികകൾ 1986-ൽ 41-ഉം 1989, 2005 എന്നീ വർഷങ്ങളിൽ ആയത് 55-ഉം ആയിരുന്നു. 2006-ൽ 58 താൽക്കാലിക ഡെപ്യൂട്ടി കളക്ടർ തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റിയിട്ടുണ്ട്. നിലവിൽ 110 സ്ഥിരം തസ്തികകളാണ് ഡെപ്യൂട്ടി കളക്ടർ കേഡറിലുള്ളത്.

(സി) ഡെപ്യൂട്ടേഷൻ വിഭാഗത്തിൽ 5 പേരും പി.എസ്.സി. മുഖാന്തിരം നേരിട്ട് നിയമനം ലഭിച്ച് ഇപ്പോൾ ട്രെയിനിംഗിലുള്ള 5 പേരും ഉൾപ്പെടെ 130 ഡെപ്യൂട്ടി കളക്ടർമാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.

(ഡി) മൂന്ന് പേർ-ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, കൊച്ചി, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, പാലക്കാട്, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നിവിടങ്ങളിലായി ഡെപ്യൂട്ടി കളക്ടർമാർ അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.

റവന്യൂ വകുപ്പിൽ പ്രൊമോഷൻ

194 (7163) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ക്ലാസ്സ് 3 വിഭാഗത്തിന് താഴെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ലഭിച്ചിരുന്ന പ്രൊമോഷൻ 10% ആയി നിജപ്പെടുത്തി കൊണ്ട് അടുത്തകാലത്ത് ഉത്തരവിറക്കിയിരുന്നോ എന്ന് പറയാമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly